നമ്പർ. സി.ജനറൽ 2/54312/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം- 12
തീയതി 2 /2/2011

## സർക്കുലർ

വിഷയം- എസ്.എസ്.എൽ.സി. പരീക്ഷ 2011- ഐ.ഇ.ഡി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക നിർദ്ദേശങ്ങൾ- സംബന്ധിച്ച്.
സൂചന - പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 1.2.2011- ലെ ഉത്തരവ്.

2011-ലെ എസ്.എസ്.എൽ.സി. പരീക്ഷയോടനുബന്ധിച്ച് ഐ.ഇ..ഡി. വിഭാഗത്തിലെ കുട്ടികൾക്ക് പരീക്ഷാ നടത്തിപ്പിനായി കൈകൊള്ളേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പരീക്ഷാ കേന്ദ്രങ്ങളിൽ VI,HI,MR എന്നീ വിഭാഗങ്ങളിലുള്ള കുട്ടികളെ ഒരു മുറിയിൽ തന്നെ പ്രത്യേകമായി ഇരുത്തുകയും പ്രസ്തുത മുറിയിലേക്ക് ഒരു ഇൻവിജിലേറ്ററെ പ്രത്യേകമായി നിയമിക്കേണ്ടതാണ്.
2. ഒരു കുട്ടിക്ക് ഒരു Scribe എന്ന രീതിയിലും, 3 കുട്ടികൾക്ക് ഒരു Interpreter എന്ന ക്രമത്തിലും നിയമിക്കേണ്ടതാണ്
3. Scribe, Interpreterഎന്നിവർ ഒരു സെന്ററിൽ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ ദിവസവും അവരുടെ ഡ്യൂട്ടി rotate ചെയ്യേണ്ടതാണ്. അതായത് ഒരു Scribe/Interpreter എല്ലാ ദിവസവും ഒരേ കുട്ടിയെതന്നെ സഹായിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.
4. Scribe ആയി നിയമിക്കപ്പെടുന്നവരുടെ പേരുകൾ നിർദ്ദേശിക്കുന്നത് ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്മാരാണ്. ആയതിനാൽ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് Scribe മാരുടെ reserve list സൂക്ഷിക്കണമെന്ന് ഹെഡ്മാസ്റ്റർമാരോട് നിർദ്ദേശിക്കേണ്ടതാണ്.
5. പരീക്ഷാർത്ഥി പറയുന്ന ഉത്തരങ്ങൾ മാത്രമേ Scribe എഴുതുന്നുള്ളൂവെന്നും അതുപോലെ Interpreter ചോദ്യങ്ങൾ മാത്രമേ വ്യാഖ്യാനിച്ച് കൊടുക്കുന്നുള്ളൂവെന്നും ഇൻവിജിലേറ്റർമാർ ഉറപ്പാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ഇതോടൊപ്പം സ്‌ക്ഷിച്ചിരിക്കുന്ന രീതിയിൽ തയ്യാറാക്കി ഇൻവിജിലേറ്റർമാർ ഉത്തരക്കടലാസിനോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

6. വൊക്കേഷണൽ വിഷയങ്ങളിൽ പരീക്ഷ എഴുതുന്ന ഐ.ഇ.ഡി കുട്ടികൾ ഒഴിവാക്കപ്പെട്ട വിഷയങ്ങൾ പൊതു പരീക്ഷയിൽ എഴുതേണ്ടതില്ല. പ്രസ്തുത പരീക്ഷാ ദിവസങ്ങളിൽ നടക്കുന്ന പൊതു പരീക്ഷയുടെ Absentees Statement ലും Attendance sheet ലും ഈ കുട്ടികളെ Absent എന്ന് കാണിക്കുവാൻ പാടില്ല, പകരം exempted എന്ന് കാണിച്ചിരിക്കണം

**<u>വൊക്കേഷണൽ വിഷയങ്ങളിലെ പ്രാക്ടിക്കൽ പരീക്ഷയിൽ പങ്കെടുക്കുന്നവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>**

1. ഐ.ഇ.ഡി വിദ്യാർത്ഥികൾക്കുള്ള വൊക്കേഷണൽ വിഷയങ്ങളിലെ പ്രായോഗിക (പ്രാക്ടിക്കൽ) പരീക്ഷ മാർച്ച് 28,29,30 തീയതികളിൽ നടത്തുന്നതാണ്
2. ഐ.ഇ.ഡി. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഇത്തവണമുതൽ ജില്ലയിൽ ഐ.ഇ.ഡി. റിസോഴ്സ് സ്കൂളുകൾ ആയിരിക്കും പരീക്ഷാ സെന്ററുകൾ.
3. പ്രസ്തുത സെന്ററുകളിൽ HI,MR കുട്ടികൾക്ക് ഓരോ വിഭാഗത്തിനും ഓരോ Interpreter മാരെ നിയമിക്കേണ്ടതാകുന്നു..
4. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഈ സെന്ററുകളിൽ പരീക്ഷാ ദിവസങ്ങളിൽ സന്ദർശനം നടത്തേണ്ടതാണ്.

JOHNS V. JOHN
സെക്രട്ടറി

To

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും .
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(പകർപ്പ് ചീഫ് സൂപ്രണ്ടർമാർക്ക് നൽകേണ്ടതാണ് )

## <u>സാക്ഷ്യപത്രം</u>

2011 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ................................എന്ന രജിസ്റ്റർ നമ്പരിൽ ..........................വിഷയം പരീക്ഷ എഴുതിയ പരീക്ഷാർത്ഥി പറഞ്ഞു കൊടുത്ത ഉത്തരങ്ങൾ മാത്രമേ സ്ക്രൈബ് എഴുതിയിട്ടുള്ളൂവെന്നും / പരീക്ഷാർത്ഥിയുടെ വ്യാഖ്യാതാവ് ചോദ്യങ്ങൾ മാത്രമേ വ്യാഖ്യാനിച്ചു കൊടുത്തിട്ടുള്ളൂവെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഇൻവിജിലേറ്റർ. ഒപ്പ്
പേര്
റൂം നമ്പർ

തീയതി

.........................................................................................................

## <u>സാക്ഷ്യപത്രം</u>

2011 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ................................എന്ന രജിസ്റ്റർ നമ്പരിൽ ..........................വിഷയം പരീക്ഷ എഴുതിയ പരീക്ഷാർത്ഥി പറഞ്ഞു കൊടുത്ത ഉത്തരങ്ങൾ മാത്രമേ സ്ക്രൈബ് എഴുതിയിട്ടുള്ളൂവെന്നും / പരീക്ഷാർത്ഥിയുടെ വ്യാഖ്യാതാവ് ചോദ്യങ്ങൾ മാത്രമേ വ്യാഖ്യാനിച്ചു കൊടുത്തിട്ടുള്ളൂവെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഇൻവിജിലേറ്റർ. ഒപ്പ്
പേര്
റൂം നമ്പർ

തീയതി